**DE-1/2023/112** **(Pages : 8)**

Maximum : 100 marks

Time : 2 hours

1. ബ്രാക്കറ്റിൽ നിന്നും ഉചിതമായ വാക്ക് തെരഞ്ഞെടുത്ത് എഴുതുക :

   (i) മലയാളസിനിമയിലെ പ്രസിദ്ധ താരങ്ങളെല്ലാം ഇപ്പോൾ മദ്ധ്യമലയാള ശൈലിയിലാണ് സംസാരിക്കുന്നത് എന്നത് —————.

   (കാണപ്പെടുന്നു, പറയും, ശ്രദ്ധേയമാണ്)

   (ii) ജീവിച്ചിരിക്കുമ്പോൾ കാണാത്ത ————— മരിച്ചുകഴിയുമ്പോൾ കണ്ടെത്തും.

   (മഹത്ത്വം, ഊർജ്ജം, പ്രമേയം)

   (iii) സാഹിത്യം ജീവിതത്തെ ————— കണ്ണാടിയാണ്.

   (പോഷിപ്പിക്കാം, പ്രതിഫലിപ്പിക്കുന്ന, എതിർക്കുന്ന)

   (iv) മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന ————— ആയിരുന്നു അത്.

   (തെരുവ്, പാചകശാല, ആശ്രയം)

   (v) നമ്മുടെ രാജ്യത്തിന്റെ ————— കാത്തുരക്ഷിക്കുന്ന ഭടന്മാരുടെ സേവനവ്യഗ്രതയും സഹനശക്തിയും സ്ഥൈര്യവും ത്യാഗബുദ്ധിയും ഓർത്തു ഞാൻ അഭിമാനപുളകിതനായി.

   (സേവനം, ത്യാഗം, അതിർത്തികൾ)

   (vi) കവിത, നാടകം, ഉപന്യാസം മുതലായ ————— നോവൽ ജനങ്ങളെ സ്വാധീനിച്ചു.

   (പ്രസ്ഥാനങ്ങളെക്കാൾ, സമ്പ്രദായം, അവകാശങ്ങളെക്കാൾ)

   (vii) ചരിത്രം പലപ്പോഴും നമ്മുടെ ————— സ്വാധീനിക്കുന്നു.

   (കാഴ്ചയെ, സമാധാനത്തിന്റെ, അറിവിന്റെ)

(viii) ഒരേ സമയത്തു കരയുകയും ചിരിക്കുകയും ചെയ്യുന്ന ഭാരതമാതാവിനെപ്പോലെ ഉജ്ജ്വലയും ഗംഭീര ———————— ആ യുവതി.

(ആർജ്ജവമുള്ളതും, വദനയുമായിരുന്നു, സാന്നിധ്യം)

(ix) ലോകചരിത്രത്തിൽ ദൂരവ്യാപകമായ ഫലങ്ങളുളവാക്കിയ എല്ലാ സംഭവങ്ങളുടെയും മഹാവിപ്ലവങ്ങളുടെ പ്രഭവം മഹത്തായ ഏതെങ്കിലും മനസ്സിൽ മുളച്ചുപൊന്തിയ ————

(ഒരാശയമായിരുന്നു, അനുഭൂതി, അവകാശം)

(x) സാമൂഹിക മാധ്യമങ്ങളെ ———————— ചെയ്യുന്ന ന്യൂനപക്ഷം ഉണ്ടാകാം.

(അതിശയം, ആശയം, ദുരുപയോഗം)

**(10 × 1 = 10 Marks)**

2. ഗദ്യഭാഗം വായിച്ച് ചുവടെ തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്നും എടുത്ത് എഴുതുക.

മലമ്പാതയിലൂടെയുള്ള ദുർഘടപൂർണ്ണമായ യാത്ര അവസാനിക്കുന്നത് യമുനോത്രി ക്ഷേത്രനടയിലാണ്. 6315 മീറ്റർ ഉയരമുള്ള ബന്ദർപൂഞ്ച് പർവ്വതത്തിനു സമീപത്താണ് യമുനോത്രി. ഡെറാഡൂണിൽ നിന്നും ഋഷികേശിൽ നിന്നും യഥാക്രമം 236 ഉം 278 ഉം കി.മീ അകലെയാണ് ഈ തീർത്ഥാടന കേന്ദ്രം. വേനൽക്കാലത്തുപോലും സാമാന്യം നല്ല തണുപ്പനുഭവപ്പെടുന്ന യമുനോത്രിയിൽ ശൈത്യകാലത്ത് പൂജ്യം ഡിഗ്രിയിലും താഴെയാകും താപനില. ഞങ്ങൾ യമുനോത്രിയിലെത്തുമ്പോൾ, ശൈത്യത്തിന്റെ ആരംഭമായിരുന്നു. ക്ഷേത്രപരിസരത്തെത്തുന്നതോടെ, ഭക്തർ എല്ലാ യാത്രാക്ലേശങ്ങളും അവശതകളും വിസ്മരിക്കുന്നു. ഏറെ വലുപ്പമുള്ളതല്ല യമുനോത്രീക്ഷേത്രമെങ്കിലും ഇവിടെ ആത്മീയ വിശുദ്ധി നിറഞ്ഞുനിൽക്കുന്നു.

ജയ്പൂരിലെ മഹാറാണി ഗുലാരിയയാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ ഈ ക്ഷേത്രം പണിതത്. യമുനാദേവിയാണ് മുഖ്യപ്രതിഷ്ഠ. 1923 ൽ ഉണ്ടായ ഭൂചലനത്തിൽ തകർന്നുപോയ ക്ഷേത്രം പിന്നീട് പുനർ നിർമ്മിച്ചു. 1982 ൽ വീണ്ടും ക്ഷേത്രത്തിനു കേടുപാടുകൾ സംഭവിച്ചു. പിൽക്കാലത്ത് പുനരുദ്ധാരണം നടന്നു. യമുനയുടെ ഇടതുകരയിലുള്ള ക്ഷേത്രത്തിലെ യമുനാദേവിയുടെ വിഗ്രഹം കറുത്തമാർബിളിലാണ് നിർമ്മിച്ചിട്ടുള്ളത്. സമുദ്രനിരപ്പിൽ നിന്നും 4421 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന കാളിന്ദ്പർവ്വതത്തിലെ സപ്തഋഷികുണ്ഡിലുള്ള വിസ്തൃതമായ ഹിമാനിയിൽ നിന്നാണ് യമുന ഉദ്ഭവിക്കുന്നത്. അവിടേക്കെത്തിപ്പെടാൻ

ക്ലേശങ്ങൾ സഹിക്കേണ്ടതുണ്ട്. അലഹബാദിൽ വച്ച് ഗംഗയിൽ ചേരുന്നതിനിടയ്ക്ക്, ഹിമാലയൻ താഴ്വരകളിലൂടെയും സമതലങ്ങളിലൂടെയും 800 കി. മീ ദൂരം യമുനയൊഴുകുന്നു. അലഹബാദിൽ വച്ചുതന്നെയാണ് ഭൂഗർഭത്തിലൂടെ ഒഴുകിയെത്തുന്ന സരസ്വതി, ഗംഗയിൽ വിലയം പ്രാപിക്കുന്നത്. ഈ മൂന്നു പുണ്യനദികളും കൂടിച്ചേരുന്ന ഇടമാണ് ഭക്തർ പരിപാവനമായി കരുതുന്ന ത്രിവേണീസംഗമം. യമുനോത്രീക്ഷേത്രത്തിനു തൊട്ടുതന്നെയാണ് സൂര്യകുണ്ഡ്. ഇവിടത്തെ ഉഷ്ണജലപ്രവാഹങ്ങളിൽ ഒരു തുണിയിൽ കെട്ടി അരിയിട്ടാൽ ഏറെനേരം കഴിയുന്നതിനുമുൻപ് അത് വെന്തു ചോറാകും. ഈ അന്നമാണ് ദേവിക്കു നിവേദിക്കുന്ന പ്രസാദം. ഉഷ്ണജലപ്രവാഹങ്ങളിൽ ഏറ്റവും വിശിഷ്ടം സൂര്യകുണ്ഡാണ്.

(i) ആരാണ് യമുനോത്രി ക്ഷേത്രം പണികഴിപ്പിച്ചത്?

(ഗുലാരിയ, ഷാജഹാൻ, ഝാൻസിറാണി)

(ii) ഏത് വർഷത്തെ ഭൂചലനത്തിലാണ് യമുനോത്രി ക്ഷേത്രം തകർന്നത്?

(1920, 1929, 1923)

(iii) ഏത് പർവ്വതത്തിന് സമീപമാണ് യമുനോത്രി?

(ബന്ദർപൂഞ്ച്, കാളിന്ദ്, ഗന്ധമാനപർവ്വതം)

(iv) മലമ്പാതയിലൂടെയുള്ള യാത്ര അവസാനിക്കുന്നത് എവിടെയാണ്?

(ബദരീനാഥ്, യമുനോത്രിക്ഷേത്രം, പുരി)

(v) യമുനോത്രി ക്ഷേത്രത്തിലെ മുഖ്യപ്രതിഷ്ഠ ആരുടെതാണ്?

(യമുനാദേവി, സരസ്വതി, ഗംഗ)

(vi) ഗംഗ, സരസ്വതി, യമുന എന്നീ പുണ്യനദികൾ കുടിച്ചേരുന്ന ഇടത്തിന്റെ പേരെന്ത്?

(സപ്തഋഷികുണ്ഡ്, ഉഷ്ണജലപ്രവാഹം, ത്രിവേണിസംഗമം)

(vii) യമുനോത്രീ ക്ഷേത്രത്തിനു തൊട്ടടുത്തുള്ള വിശിഷ്ടമായ ഉഷ്ണജലപ്രവാഹം ഏതാണ്?

(തപ്തകുണ്ഡ്, സൂര്യകുണ്ഡ്, നാരദകുണ്ഡ്)

(viii) യമുനാദേവിയുടെ വിഗ്രഹം നിർമ്മിച്ചിട്ടുള്ളത് എന്തുപയോഗിച്ചാണ്?

(കറുത്തമാർബിൾ, വെള്ളി, സ്വർണ്ണം)

(ix) ഗുലാരിയ ഏത് സ്ഥലത്തെ മഹാറാണിയാണ്?

(അലഹാബാദ്, ജയ്പൂർ, ഹരിയാന)

(x) എല്ലാ യാത്രാക്ലേശങ്ങളും അവശതകളും വിസ്മരിക്കുന്നതാര്?

(യമുന, യാത്രക്കാർ, ഭക്തർ)

**(10 × 1 = 10 Marks)**

3. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികയുടെ ആശയം ചോർന്നുപോകാതെ മൂന്നിലൊന്നായി സംഗ്രഹിക്കുക.

നെഞ്ചോട് അണച്ചു പിടിക്കുന്നപോലെ ആയിരിക്കാം ഭൂമി ഓരോ വൃക്ഷത്തെയും തന്നിലേക്കു ചേർത്തു വച്ചിരിക്കുന്നത്. വേരുകളൊക്കെയും നാം കൊത്തിയകറ്റുമ്പോഴും ഭൂമി തുരന്ന് അവ പുറത്തിടുമ്പോഴും വീഴുന്നതിനു തൊട്ടുമുമ്പ് ആ വൃക്ഷത്തിന് ദയനീയമായ ഒരു നിൽപ്പുണ്ട്; ഏതാനും നിമിഷത്തേക്കു മാത്രം, തന്റെ ചുറ്റിനും തന്നോടൊപ്പം വളർന്നുവന്ന കൂട്ടുകാരെയെല്ലാം അവസാനമായി ഒരു നോക്കു കാണുന്നതിന്. പിന്നീട്, ഒടുവിലെ വേരും അറ്റ് ആർത്തലച്ച് അത് മണ്ണിലേക്കു പതിക്കുന്നു. മഴക്കാടിന്റെ അടിത്തട്ടിലുടനീളം വേരുകളായിരുന്നു. അവയെ പുതഞ്ഞ് കറുത്തമണ്ണും. മുകളിൽ അഴുകി കുഴമ്പുരൂപത്തിലായ മരിച്ച ഇലകൾ. അതിനുമുകളിൽ പഴകിയ ഇലകളുടെയും പൊടിഞ്ഞ ഇലകളുടെയും അടുക്ക്. വീണ്ടും മുകളിൽ പൊടിഞ്ഞുദ്രവിച്ചുകൊണ്ടിരിക്കുന്ന ഇലകൾ. ഏറ്റവും മുകളിൽ പൊഴിഞ്ഞു വീണുകൊണ്ടിരിക്കുന്ന ഇലകൾ. ഈ ഇലയടരുകളെല്ലാം തന്നെ അങ്ങുതാഴെയുള്ള വേരുകൾ തേടിചെല്ലുകയാണ്; വേരുകളിലൂടെ വീണ്ടും വൃക്ഷത്തിലെത്തി പുനർജനിക്കാൻ.

വയനാട്ടിലെ കുറുവദ്വീപുകളിൽ മത്സരത്തോടെ പുഴയെതേടി ചെല്ലുന്ന വേരുകളെ എവിടെയും കാണാം. അവ പുഴയോരമാകെ കൈയടക്കിയിരുന്നു. ഇവ ദ്വീപുകളെ തെല്ലെങ്കിലും ദൃഢപ്പെടുത്താതിരിക്കില്ല. നല്ല ബലിഷ്ഠമായ വേരുകളും കല്ലുകളുമൊക്കെക്കൂടി പുഴയുടെ ശക്തമായ ഒഴുക്കിനെ പ്രതിരോധിക്കുകയാണ്. വേരുകളിലൂടെ വഴുക്കാതെ വേണം പുഴയിലേക്കിറങ്ങിച്ചെല്ലാൻ. മഴയുടെ നനവും പുഴയുടെ കുളിരും വേരുകളിലൂടെ തൊട്ടറിയുന്നുണ്ടായിരുന്നു. വേരുകൾക്കരികിൽ ഇരിക്കുമ്പോൾ വൃക്ഷത്തിൽനിന്ന് പുഴയ്ക്കരികിലേക്ക് ഇറങ്ങിവരുന്ന വേരുകളെ നോക്കി. ചിലപ്പോൾ കാട് ചുറ്റിവരുന്ന പുഴയുടെ കഥകൾ വേരുകൾ വഴിവൃക്ഷങ്ങൾ കേൾക്കുന്നുണ്ടാകാം. അതോ വൃക്ഷങ്ങളുടെ കഥകൾ പുഴയ്ക്കു കേൾക്കുവാനോ? ജലാശയങ്ങളും വേരുകളും തമ്മിൽ എന്തൊക്കെ സന്ദേശങ്ങൾ കൈമാറുന്നുണ്ടാകാം?

**(1 × 10 = 10 Marks)**

4. താഴെ കൊടുത്തിരിക്കുന്നവയുടെ ആശയം വിശദീകരിക്കുക.

(i) സമ്പത്ത്കാലത്ത് തൈപത്ത് വച്ചാൽ

ആപത്ത് കാലത്ത് കാപത്ത് തിന്നാം.

(ii) ഉത്തരം താങ്ങുന്നത് പല്ലിയാണത്രേ

(iii) കുറ്റമില്ലാത്ത ജനം കുറ്റമുള്ളവരേയും

ചെറ്റുനിന്ദിക്കയില്ല തമ്മുടെ ഗുണങ്ങളാൽ

(iv) ചൊട്ടയിലെ ശീലം ചുടലവരെ

(v) ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം

നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം

**($5 \times 2 = 10$ Marks)**

5. താഴെ കൊടുത്തിട്ടുള്ള കഥാസന്ദർഭം വികസിപ്പിച്ച് കഥാരൂപത്തിലാക്കുക.

കൗശലക്കാരനായ കുറുക്കൻ – വിശന്ന് – മരം – കുറുക്കൻ – തളർന്നുകിടന്നു – മുകളിൽ മുന്തിരിക്കുലകൾ – കുറുക്കൻ – വായിൽവെള്ളം – മുന്തിരിക്കുല – ലക്ഷ്യമാക്കി ചാടി – എത്താനായില്ല – ശക്തിമുഴുവൻ – എത്താനായില്ല – ചിരികേട്ട് – കുരങ്ങനെകണ്ടു – കുരങ്ങൻ കളിയാക്കി – കുറുക്കൻ – മുന്തിരി പുളിക്കും – കുരങ്ങൻ – വരൂ സഹായിക്കാം – മരക്കൊമ്പ്താഴ്ത്തി – കുറുക്കൻ – ചാടി – കുരങ്ങൻ – കൊമ്പ് ഉയർത്തി – നിരാശനായ കുറുക്കൻ – കുരങ്ങൻ പറഞ്ഞു – സ്വന്തം കഴിവില്ലായ്മ – കുറ്റം കണ്ടെത്തുകയല്ല – മരക്കൊമ്പ് താഴ്ത്തി – കുറുക്കൻ – ആവശ്യത്തിന് മുന്തിരി – കുറുക്കൻ മടങ്ങി – കുരങ്ങൻ – മരങ്ങൾ – അപ്രത്യക്ഷനായി.

**(10 Marks)**

6. ഓണാവധിയ്ക്ക് വിനോദയാത്ര പോകാനായി സുഹൃത്തിനെ ക്ഷണിച്ചുകൊണ്ട് കത്ത് തയ്യാറാക്കുക.

**(10 Marks)**

7. ബ്രാക്കറ്റിൽ നിന്നും ഉചിതമായ വാക്ക് തെരഞ്ഞെടുത്തെഴുതുക :

(i) അതിസുന്ദരിയായ ഒരു യുവതി —————— എത്തുന്ന ചുരുണ്ട തഴച്ചമുടി അഴിച്ചിട്ടുകൊണ്ടു നില്ക്കുന്ന മനോഹരമായ ഒരു ചിത്രം.

(പാദത്തോളം, പദത്തോളം)

(ii) എന്റെ —————— കുറച്ചുകൂടി വലുതാണ്.

(ലോകം, ലോഹം)

(iii) അംഗരാജ്യത്തിലെ രാജാവായി —————— ചെയ്യുന്നത് നിങ്ങൾ കണ്ടാലും.

(അഭിഷേകം, അഭിവാദ്യം)

(iv) —————— ഏൽക്കുമെന്ന് ഭയന്ന് കാണികളിൽ പലരും ഭീതശബ്ദങ്ങൾ പുറപ്പെടുവിച്ചു.

(അൻപ്, അമ്പ്)

(v) ഈ —————— മുടങ്ങിയതിൽ നിങ്ങൾ സന്തോഷിക്കേണ്ടതാണ്.

(വിവാഹം, വിവാദം)

(vi) മറ്റുള്ളവർക്കും അവിടിരുന്ന് —————— കഴിക്കേണ്ടതാണ്.

(ആകാരം, ആഹാരം)

(vii) ആ —————— കലഹത്തിന്റെ ഏകദേശരൂപം എനിക്ക് മനസ്സിലായി.

(ഗ്രഹത്തിലെ, ഗൃഹത്തിലെ)

(viii) ഈ കാണുന്ന —————— എല്ലാം എനിക്കുള്ളതാണ്.

(ഫലം, ഫാലം)

(ix) ജീവിതത്തിന്റെ —————— എനിക്കിതിൽ ദർശിക്കാം.

(പരിമാണം, പരിണാമം)

(x) —————— എത്തിയിട്ട് ചിന്താകുലനായിരുന്നു.

(ഭവനത്തിൽ, ഭുവനത്തിൽ)

**(10 × 1 = 10 Marks)**

8. കുട്ടികളിലെ വായനാശീലം എന്ന വിഷയത്തെ അടിസ്ഥാനമാക്കി **നൂറ്** വാക്കിൽ കുറയാത്ത വിധം ഉപന്യാസം തയ്യാറാക്കുക.

**(10 Marks)**

9. താഴെ കൊടുത്തിരിക്കുന്ന വാക്കുകളിലെ വിട്ടുപോയ അക്ഷരങ്ങൾ പൂരിപ്പിക്കുക :

(i) ബു—ശക്തി (ന്ധി, ദ്ധി, ത്ഥി)

(ii) വീ—ണം (ച, ഗ, ക്ഷ)

(iii) പ്രപ— (ശ്ചം, ന്ധം, ഞ്ചം)

(iv) രാ —ട്രീയം (സ്, ശ്, ഷ്)

(v) വ്യ—മുദ്ര (ക്തി, ത്തി, ധി)

(vi) ജനാ—പത്യം (ദി, ധി, തി)

(vii) അതി—വനം (ചീ, സീ, ജീ)

(viii) ഭൗ—കം (ദി, തി, ചി)

(ix) പ—ത്തലം (ത്ത, ശ്ചാ, ച്ഛാ)

(x) സമ—ർശി (ത, ക, ദ)

**(10 × 1 = 10 Marks)**

10. താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ വിട്ടുപോയ സംഭാഷണഭാഗം പൂരിപ്പിക്കുക :

(i) ഇന്നലെ അവിടെ ഞാൻ ————————

(വന്നിരുന്നു, വരും, പോകും)

(ii) എന്റെ മകന് എന്ത് വേണം അച്ഛൻ സാധിച്ചു ————————

(പോകണം, വരണം, തരാം)

(iii) ഏറെ നാളായി ഇവിടെ വരാൻ ഞാൻ ————————

(യാത്രയായിരുന്നു, ശ്രമിക്കുകയായിരുന്നു, പോകുമായിരുന്നു)

(iv) അവിടുന്ന് എന്താണ് അങ്ങനെ ————————

(കഴിക്കും, വരാമായിരുന്നു, വിചാരിക്കുന്നത്)

(v) ഞാൻ എന്തോ മറന്നു ————————

(പോയി, വരൂ, നില്ക്കുക)

(vi) അനുസരിക്കാൻ ഭാവമില്ലെന്നു ―――――― അവൾ അലറി.

(ചിരിച്ചപ്പോൾ, കണ്ടപ്പോൾ, വായിച്ചപ്പോൾ)

(vii) നിങ്ങൾ ―――――― മുമ്പ് ഞാൻ ഒരു കഥയെഴുതിതീർക്കും.

(കയറുക, തിരിച്ചെത്തും, അധിക്ഷേപിക്കുക)

(viii) അവരെയൊന്നും ഞാൻ ഇതിനുമുൻപ് ――――――

(വന്നിട്ടില്ല, പോയിട്ടില്ല, കണ്ടിട്ടില്ല)

(ix) പക്ഷേ നിങ്ങൾക്കൊരു ബുദ്ധിമുട്ട് ――――――

(തോന്നരുത്, ഇരിക്കരുത്, പോകരുത്)

(x) ഞാൻ ―――――― രണ്ട് ടിക്കറ്റാണ് തന്നത്.

(അവൾ, ഞങ്ങൾ, നിങ്ങൾക്ക്)

**($10 \times 1 = 10$ Marks)**